കായംകളത്ത് പ്രവർത്തിക്കുന്ന ഗവൺമെന്റ് ഐ.റ്റി.ഐ. ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ ലഭ്യമായ സ്ഥലത്തേക്ക് മാറ്റുന്നതിന് നൽകിയ അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിലവിൽ ഇതിന്റെ പുരോഗതി എന്തെന്നും വിശദമാക്കാമോ ?

ഉത്തരം

പരിശോധിച്ചുവരുന്നു.

കയറ്റിറക്ക് റേറ്റുകൾ

213 (3649) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചുമട്ടുതൊഴിലാളികളുടെ കയറ്റിറക്ക് സംബന്ധിച്ച് പുതിയ റേറ്റുകൾ അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ലേബർ കമ്മീഷണർമാർ അംഗീകരിച്ച കയറ്റിറക്ക് റേറ്റുകൾ ഓരോ ജില്ലയ്ക്കും പ്രത്യേകം തയ്യാറാക്കിയിട്ടുണ്ടോ ; തിരുവനന്തപുരം, കോട്ടയം ജില്ലകളുടെ പുതിയ കയറ്റിറക്ക് നിരക്ക് ലഭ്യമാക്കാമോ ;

(സി) പുതിയ കയറ്റിറക്ക് നയം സംബന്ധിച്ച് സർക്കാരിന് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 10 ജില്ലകളിൽ പുതിയ റേറ്റുകൾ അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂലിനിരക്കുകൾ അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) ഉണ്ട്. തിരുവനന്തപുരം, കോട്ടയം ജില്ലകളുടെ പുതിയ കയറ്റിറക്ക് നിരക്ക് അനുബന്ധം II ആയി ചേർക്കുന്നു.*

(സി) ഇല്ല.

(ഡി) (സി) പിരിവിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly